# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2623 — 20/06/2013 ൽ മറുപടിക്ക്

**വിവര-വിനിമയ-സാങ്കേതികവിദ്യാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | വിവര-വിനിമയ-സാങ്കേതികവിദ്യാ പദ്ധതി (ഐ.സി.ടി. സ്കീം) നടപ്പിലാക്കുന്നതിന് 2012-2013 വർഷത്തിൽ കേന്ദ്രവിഹിതമായി എത്ര തുക ലഭിക്കുകയുണ്ടായി; | എ) | വിവര-വിനിമയ-സാങ്കേതികവിദ്യാ പദ്ധതി നടപ്പിലാക്കുന്നതിന് 2012-13 വർഷത്തിൽ കേന്ദ്രവിഹിതമായി 30.55 കോടി രൂപ ലഭിക്കുകയുണ്ടായി. |
| ബി) | സംസ്ഥാനത്തെ എത്ര ഹൈസ്കൂളുകളും ഹയർ സെക്കൻഡറി സ്കൂളുകളും വൊക്കേഷണൽ ഹയർ സെക്കൻഡറിസ്കൂളുകളും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടുവെന്നു വ്യക്തമാക്കുമോ; | ബി) | 2467 ഹൈസ്കൂളുകളും, 1244 ഹയർ സെക്കൻഡറി സ്കൂളുകളും, 380 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടു. |
| സി) | ഓരോ വിഭാഗത്തിനും കണ്ണൂർ ജില്ലയിലെ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കപ്പെട്ടുവെന്നു വ്യക്തമാക്കുമോ; | സി) | 167 ഹൈസ്കൂളുകളും 99 ഹയർ സെക്കൻഡറി സ്കൂളുകളും, 19 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളും കണ്ണൂർ ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. |
| ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങളിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ? | ഡി) | ലാപ് ടോപ്പ്, ഡെസ്ക് ടോപ്പ്, all-in-one PC, മൾട്ടിമീഡിയ പ്രൊജക്ടർ, 3 KVA യു.പി.എസ് എന്നീ സംവിധാനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ